(ബി&സി) ജീവനക്കാരുടെ യോഗ്യത പരിശോധിച്ച് അവരെ സർക്കാർ സർവ്വീസിൽ സംയോജിപ്പിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിനു ശേഷം ഭാവി വികസനത്തിന് ആവശ്യമായ തുക പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ വകയിരുത്തി സർക്കാർ മേഖലയിലുള്ള മറ്റ് മെഡിക്കൽ കോളേജുകൾക്ക് സമാനമായ വികസന പ്രവർത്തനങ്ങൾ ഇവിടെയും നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

110 (4396) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടം വരെയായി; വിശദാംശം വ്യക്തമാക്കാമോ; നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; ഏറ്റെടുക്കൽ പ്രക്രിയ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ എറ്റെടുക്കുന്ന നടപടി പൂർത്തിയാകുമ്പോൾ ഈ കോളേജിലെ വിദ്യാർത്ഥികളുടെ (മാനേജ്മെന്റ് , NRI ക്വാട്ടകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ) ഫീസ്ഘടന ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ഫീസ് ആനുപാതികമായി കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

പരിയാരം ആയുർവ്വേദ കോളേജിലെ പ്രവൃത്തികൾ

111 (4397) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പരിയാരം ആയുർവ്വേദ കോളേജിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയായി; പൂർത്തിയാക്കാനും തുടങ്ങുന്നതിനും ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; അവ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്:

(1) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി നിർമ്മാണം	260 ലക്ഷം രൂപ
(2) ഔഷധ സംഭരണ കേന്ദ്ര നിർമ്മാണം	33 ലക്ഷം രൂപ
(3) എക്സ്റേ യൂണിറ്റ് നിർമ്മാണം	15 ലക്ഷം രൂപ
(4) ചുറ്റുമതിൽ നിർമ്മാണം	37.50 ലക്ഷം രൂപ
(5) ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ക്വാർട്ടേഴ്സ് നിർമ്മാണം	98 ലക്ഷം രൂപ
(6) സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം	91 ലക്ഷം രൂപ
(7) പ്ലേ ഗ്രൗണ്ട് നിർമ്മാണം	30 ലക്ഷം രൂപ
(8) വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം	50 ലക്ഷം രൂപ
(9) ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അധികനില നിർമ്മാണം	60 ലക്ഷം രൂപ

(ബി) പൂർത്തിയായ നിർമ്മാണ പ്രവൃത്തികൾ

1. എക്സ്റേ യൂണിറ്റ് നിർമ്മാണം
2. ചുറ്റുമതിൽ നിർമ്മാണം

തുടങ്ങാൻ ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ

1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം (മണ്ണ് പരിശോധനാ ഘട്ടം)
2. ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് ക്വാർട്ടേഴ്സ് നിർമ്മാണം (ടെൻഡർ നടപടികൾ തുടങ്ങി)

LIBRARY ARCHIVES Kerala Legislative Assembly

3. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം (വാട്ടർ അതോറിറ്റി നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടില്ല.)

<u>നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ</u>

1. ഔഷധ സംഭരണ കേന്ദ്ര നിർമ്മാണം (അടുത്ത വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു)
2. ആൺകുട്ടികളുടെ ഹോസ്റ്റലിന്റെ അധികനില നിർമ്മാണം (അടുത്ത വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു)
3. പ്ലേ ഗ്രൗണ്ട് നിർമ്മാണം (ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു)
4. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം (ഈ വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു).

കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ്

112 (4398) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :

<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ പഠിക്കുന്ന മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിൽ നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ - സി) കണ്ണൂർ പരിയാരം സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly